കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 'നല്ല നാട് നല്ല വെള്ളം' കാമ്പയിൻ -2012 നവംബർ മുതൽ 2013 ഒക്ടോബർ വരെയുള്ള കാലാവധിക്ക് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 3272/2012/തസ്വഭവ തീയതി, തിരുവനന്തപുരം 29.11.2012

===

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15/11/2012ലെ 4683/ഇ/2012/എസ്.എം നമ്പർ കത്ത്.

## ഉത്തരവ്

മാലിന്യവിമുക്തവും ജലസംരക്ഷിതവുമായ ഒരു കേരളം രൂപപ്പെടുത്തുവാൻ വിപുലമായ ജനകീയ വിദ്യാഭ്യാസ കർമ്മപരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിലെ ശുചിത്വ മിഷനും ജല വിഭവ വകുപ്പിലെ സി.സി.ഡി.യു-വും സംയുക്തമായി ഒരു കാമ്പയിൻ സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നതായും ജലശുചിത്വ മേഖലകളിലെ വിവിധങ്ങളായ സാങ്കേതികവിദ്യകളും മാർഗ്ഗങ്ങളും പ്രചരിപ്പിക്കുന്നതോടൊപ്പം തന്നെ അവ നടപ്പിലാക്കാൻ സാമ്പത്തിക സഹായ പദ്ധതികളും കൂടുതൽ വ്യാപകമാക്കി ജനങ്ങളിലെത്തിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങളും, വലുതും ചെറുതുമായ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ വ്യാപനവുമാണ് ലക്ഷ്യമിടുന്നത്. മഴവെള്ള സംഭരണം ഭൂജലപരിപോഷണ മാർഗ്ഗങ്ങൾ തുടങ്ങിയ ജലസംരക്ഷണ സംഭരണ മേഖലകളിലും വിവിധങ്ങളായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്നും സമൂഹത്തിലെ സമസ്തജനവിഭാഗങ്ങളിലും പുതിയ ഒരു ജനകീയ വിദ്യാഭ്യാസം നല്കുവാനും വിവിധങ്ങളായ മാർഗ്ഗങ്ങളിലൂടെ **നല്ല നാട് നല്ല വെള്ളം** എന്ന ലക്ഷ്യത്തിലേക്ക് കേരളത്തെ മുന്നോട്ട് നയിക്കുവാനുമാണ് ഉദ്ദേശിക്കുന്നതെന്നും മാലിന്യവിമുക്ത ജലസംരക്ഷിത മേഖലകളിൽ നിലവിലുള്ള എല്ലാ ശാസ്ത്രസാങ്കേതികരീതികളും മാതൃകാ പ്രവർത്തനങ്ങളും സാമ്പത്തിക സഹായ സബ്സിഡികളും ഉൾപ്പെടെ വിവിധ വിവരങ്ങളും പ്രവർത്തന പരിപാടികളും എല്ലാ ജനങ്ങളിലും എത്തിച്ച് പുതിയൊരു കർമ്മമണ്ഡലത്തിനുള്ള സാഹചര്യമൊരുക്കുക എന്ന ബൃഹത്തായ ദൗത്യമാണ് 2012 നവംബർ മുതൽ 2013 ഒക്ടോബർ വരെയുള്ള കാമ്പയിൻ പ്രധാനമായും ലക്ഷ്യമിടുന്നതെന്നും പ്രസ്തുത കാമ്പയിൻ പരിപാടിക്ക് അനുവാദം നൽണമെന്നും പരാമർശത്തിലെ കത്തു മുഖേന ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

ഖരദ്രവമാലിന്യ സംസ്കരണം, പ്ലാസ്റ്റിക്കിന്റെ നിയന്ത്രിത ഉപയോഗം, നിർമാർജനം, ഖരമാലിന്യ സംസ്കരണം, ദ്രവമാലിന്യ സംസ്കരണം, ജലസ്രോതസുകൾ മലിനമുക്തമാക്കൽ, വികേന്ദ്രീകൃത മാലിന്യസംസ്കരണം എന്നിവയാണ് മാലിന്യ സംസ്കരണ രംഗത്ത് ഊന്നൽ കൊടുക്കുന്നത്. അതുപോലെ ജലസംരക്ഷണം, മഴവെള്ള സംഭരണം, ജലസ്രോതസുകളുടെ പരിപാലനം, മഴയെ വരവേൽക്കൽ, ഭൂജലശേഷി വർദ്ധിപ്പിക്കൽ, നദികൾ, പുഴകൾ, തടാകങ്ങൾ, കുളങ്ങൾ, കിണറുകൾ എന്നിവയുടെ സംരക്ഷണ ജാഗ്രത തുടങ്ങിയവ പരിപാടിയുടെ മുഖ്യ അജണ്ടയിൽപ്പെടുന്നു 2013 ജനുവരി ഒന്നിന് ഒരു ലക്ഷം നാട്ടു കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതോടെയാണ് കാമ്പയിൻ ആരംഭിക്കുക. ഗൃഹസന്ദർശനങ്ങൾ, പ്രത്യേക ഗ്രാമസഭകൾ, ഓരോ വാർഡിനും ഇൻഫർമേഷൻ സെന്ററുകൾ, സാംസ്കാരിക സംഗമങ്ങൾ തുടങ്ങി അനവധി പരിപാടികൾ സംഘടിപ്പിക്കും. ബഹു.

മുഖ്യമന്ത്രി മുഖ്യ രക്ഷാധികാരിയായുള്ള സംസ്ഥാന സംഘാട സമിതിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയായി ജില്ലാ സംഘാടക സമിതിയും കാമ്പയിന് നേതൃത്വം നൽകുന്ന തദ്ദേശ സ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, ആരോഗ്യ വകുപ്പ്, പബ്ളിക് റിലേഷൻസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കൃഷി വകുപ്പ്, ഗ്രാമ വികസന വകുപ്പ്, വനം വകുപ്പ്, പരിസ്ഥിതി വകുപ്പ്, യുവജന ക്ഷേമവകുപ്പ് തുടങ്ങി ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ടാണ് കാമ്പയിൻ സംഘടിപ്പിക്കുന്നത്. ശുചിത്വ മിഷനും, സി.സി.ഡി.യു-വും കൂടാതെ എൻ.ആർ.എച്ച്.എം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, എൻ.സി.സി, എൻ.എസ്.എസ്, ലൈബ്രറി കൗൺസിൽ, യുവജനക്ഷേമ ബോർഡ്, നാഷണൽ സേവിംഗ്സ് സ്കീം, നെഹ്റു യുവക് കേന്ദ്ര തുടങ്ങി സർക്കാരുമായി ബന്ധപ്പെടുന്ന പ്രസ്ഥാനങ്ങൾ എല്ലാ പരിപാടികളും ഏറ്റെടുത്തു നടത്തും. നിലവിലുള്ള പദ്ധതികൾ അർത്ഥവത്താക്കി, പ്രത്യേക സാമ്പത്തിക ബാധ്യതയില്ലാതെയാണ് കാമ്പയിൻ രൂപ കൽപ്പന ചെയ്തിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചു കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ശുചിത്വമിഷനും ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സി.സി.ഡി.യു-വും സംയുക്തമായി സംഘടിപ്പിക്കാനുദ്ദേശിക്കുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന **'നല്ല നാട് നല്ല വെള്ളം'** കാമ്പയിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത കാമ്പയിൻ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് വിജയകരമായി സംഘടിപ്പിക്കുന്നതിന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
റ്റി.ജെ.മാത്യു,
സെക്രട്ടറി.

ബന്ധപ്പെട്ട എല്ലാവകുപ്പുകളുടേയും പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/സെക്രട്ടറിമാർക്ക്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കമ്മിഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, സി.സി.ഡി.യു, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), Kerala,Thiruvananthapuram.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്: മുഖ്യമന്ത്രിയുടെ പി.എസ്-ന്.
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
തസ്വഭവ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-ക്ക്.
തസ്വഭവ സെക്രട്ടറിയുടെ പി.എ-ക്ക്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ